# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 296 — 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് കുറയ്ക്കാനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | 2011 മെയ് മാസത്തിന് ശേഷം അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലായി എത്ര ആദിവാസികളാണ് മരണമടഞ്ഞിട്ടുള്ളത്; ഇവരിൽ സ്ത്രീകൾ, പുരുഷന്മാർ, ഗർഭിണികൾ, മൂന്നുമാസം വരെയുള്ള ശിശുക്കൾ, കുട്ടികൾ, യുവതികൾ എന്നിവർ എത്ര; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ & ബി | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| ബി | ഇവരുടെ മരണത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | | |
| സി | ഈ മേഖലയിൽ ആദിവാസികൾക്കിടയിൽ മരണനിരക്ക് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചത്; | സി | ശിശുമരണ നിരക്ക് കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണകാരണമായി കണ്ടെത്തിയിട്ടുള്ള പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| ഡി | 2013 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം എത്ര ശിശുമരണങ്ങളാണ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടത്; | ഡി | 11 ശിശു മരണങ്ങൾ |
| ഇ | ശിശുമരണ നിരക്ക് ഇവിടെ ദേശീയ/സംസ്ഥാന ശരാശരിയെക്കാളും ഉയർന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്ര; | ഇ | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| എഫ് | ശിശുമരണ നിരക്ക് കുറയ്ക്കാൻ എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | എഫ് | അംഗൻവാടികൾ മുഖേന പാൽ, മുട്ട, പഴം, പയർവർഗ്ഗങ്ങൾ തുടങ്ങിയവ വിതരണം നടത്തുന്നുണ്ട്. ഗർഭിണികൾക്ക് അയൺ ഗുളികകൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആശാ വർക്കർമാർ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 4 മാസത്തേക്ക് റാഗി, ചെറുപയർ, തുവര, കടല എന്നിവ വിതരണം ചെയ്യുന്ന നടപടി ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് നടപ്പാക്കിയ

## പദ്ധതികളുടെ സംഗ്രഹം

1. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഡോ. എസ്. സുബ്ബയ്യ IAS (റിട്ട) സ്പെഷ്യൽ
മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു വരുന്നു.
ഓഫീസറായി നിയമിച്ചു.
അനുവദനീയമായ ഗൈനക്കോളജിസ്റ്റു അടക്കമുളള
2. കോട്ടത്തറ ആശുപത്രിയിൽ
ഡോക്ടർമാരുടേയും, നഴ്സുമാരുടേയും മറ്റു പാരാ ജീവനക്കാരുടേയും ഒഴിവുകൾ നികത്തുന്നതിനു
നടപടി സ്വീകരിച്ചു. അധികമായി ആവശ്യമായ തസ്തിക സൃഷ്ടിച്ചു.
പ്രമോട്ടർമാരെ ഊരുകളിൽ വിന്യസിച്ച് ഫീൽഡ്തല സർവ്വെ
3. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എസ്.റ്റി.
നടത്തി പോഷകാഹാര കുറവ്, അനീമിയ തുടങ്ങിയ രോഗ ലക്ഷണങ്ങൾ കണ്ട പട്ടികവർഗ്ഗക്കാരായ
രോഗികളെ കണ്ടെത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

4. വിദഗ്ദ്ധ ചികിത്സആവശ്യമായവരെ ആശുപത്രിയിൽ എത്തിച്ചു.
ആരോഗ്യ സർവ്വെ ഹിന്ദുസ്ഥാൻ
5. അട്ടപ്പാടിയിലെ മുഴുവൻ പട്ടികവർഗ്ഗകുടുംബങ്ങളിലും വിശദമായ
ലാടെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ് മുഖേന നടത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.
6. ആരോഗ്യവകുപ്പും സാമൂഹ്യനീതിവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ഒരു
ആരോഗ്യസർവ്വേ നടത്താനും തീരുമാനിച്ചിട്ടുണ്ട്.
7. 10182 റേഷൻകാർഡുകളിൽ സാധ്യമായ 9841 കാർഡുകളും ബി.പി.എൽ ആക്കി
8. സാമൂഹ്യനീതിവകുപ്പിലെ ഒഴിവുണ്ടായി രുന്ന അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ട് ആഫീസറുടേയും, 5
സൂപ്പർവൈസർമാരുടേയും ഒഴിവുകൾ നികത്തി
9. അംഗൻവാടി മുഖേനയുളള ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാർക്കും 1-6
പ്രായമുളള കുഞ്ഞുങ്ങൾക്കും നൽകുന്ന പൂരക ഭക്ഷണ വിതരണം ഊർജ്ജിതപ്പെടുത്തി
10. അംഗൻവാടി വെൽഫെയർ കമ്മിറ്റികൾ മാസാമാസം കൂടി പ്രവർത്തനം കുറ്റമറ്റതാക്കാനും,
വിലയിരുത്താനും നടപടിയെടുത്തു.
11. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 10 കിലോ അരി, 2 കിലോ പയർ വീതം നല്കി
12. അടുത്ത 4 മാസത്തേയ്ക്കു പ്രതിമാസം 10 കിലോ റാഗി, 2 കിലോ ചെറുപയർ വീതവും 153 ലക്ഷം രൂപ
ചെലവിൽ നൽകുന്നതിനു നടപടി സ്വീകരിച്ചു.
13. പച്ചക്കറികൃഷി വ്യാപകമാക്കുന്നതിനു സംസ്ഥാന വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ
മുഖേന 1 കോടി രൂപയുടെ പദ്ധതി അനുവദിച്ചു.
14. അയൺഫോളിക് ഗുളികകൾ നൽകുന്നതിനും നടപടി സ്വീകരിച്ചു.
15. ആരോഗ്യവകുപ്പിനു കീഴിൽ അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ന്യൂട്രീഷൻ
റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചു.
16. സ്കൂളിൽ ചേരുന്നതിനു വിമുഖത കാണിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്കും, സ്കൂൾ ഉച്ചഭക്ഷണ
പരിപാടി പ്രകാരം ഉച്ചഭക്ഷണം നൽകാനും തീരുമാനിച്ചു.
17. സിക്കിൾസെൽ അനീമിയ ബാധിതർക്ക് പ്രതിമാസം 1000/- രൂപ വീതം ധനസഹായം നൽകിവരുന്നു.
18. ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും പ്രതിമാസം 1000/- രൂപ വീതം ആകെ 18 മാസം
ധനസഹായം നൽകുന്ന ജനനി ജന്മരക്ഷ എന്ന പദ്ധതി ആവിഷ്ക്കരിച്ചു.
19. സർക്കാർ ആശുപത്രികളിലും ഗവൺമെന്റ്/സഹകരണ മെഡിക്കൽ കോളേജുകളിലും റീജിയണൽ
ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട ഓഫ് മെഡിക്കൽ
സയൻസ് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ നൽകുന്നതിനുളള സമഗ്ര
ആരോഗ്യ പദ്ധതിയ്ക്ക് അനുമതി ലഭിച്ചു. അതനുസരിച്ച് ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
ഗവൺമെന്റ്/സഹകരണ മെഡിക്കൽ കോളേജ്,റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ
സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നിവിടങ്ങളിലെ സൂപ്രണ്ടുമാർക്കും
തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു.